"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് – പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി – 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം – കിഫ്ബി ഫണ്ട് വഴി പശ്ചാത്തല സൗകര്യ വികസനത്തിന് തെരഞ്ഞെടുക്കപ്പെട്ട 500നും 1000– ത്തിനും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി നിർവഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ 'കില' യെ (KILA) ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

G.O.(Rt)No.3302/2019/GEDN തീയതി,തിരുവനന്തപുരം, 17/08/2019

---

പരാമർശം:- 1 07/11/2016ലെ സ.ഉ (അച്ചടി)നം.186/2016/പൊവിവ

2 20/05/2017ലെ സ.ഉ (സാധാ)നം.1456/2017/പൊവിവ

3 30/10/2017ലെ സ.ഉ (സാധാ)നം. 4004/2017/പൊവിവ

4 31/12/2018ലെ സ.ഉ (സാധാ) നം. 5503/2018/പൊവിവ

5 07/03/2019ലെ സ.ഉ (സാധാ) നം.898/2019/പൊവിവ

6 18/06/2019ലെ സ.ഉ (സാധാ)നം.2396/2019/പൊവിവ

7 24/07/2019-ന് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗ തീരുമാനം.

8 26/07/2019ൽ കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ നൽകിയ കത്ത് നം. കൈറ്റ് ഇൻഫ്രാ/19/1647(22) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനായി രൂപരേഖ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രങ്ങളായി അദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ പദ്ധതി നിർവഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കൈറ്റിനെ (KITE) ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിന് തുടർച്ചയായി ഭൗതികസാഹചര്യ

വികസനത്തിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെടുത്തിയുള്ള സ്കൂളുകളുടെ പദ്ധതി നിർവഹണത്തിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായും കൈറ്റിനെ തന്നെ ചുമതലപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. 2018-19ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 444 സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ ഒരു കോടി രൂപ ധനസഹായത്തോടെ പശ്ചാത്തല സൗകര്യ വികസനത്തിനായി 444 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകി പരാമർശം (4) പ്രകാരം ഉത്തരവ് നൽകിയിരുന്നു. ആയതിന്റെ തുടർ പ്രവർത്തനങ്ങൾക്കായി കൈറ്റിനെ ചുമതലപ്പെടുത്തി ഭേദഗതി വരുത്തി പരാമർശം (5) പ്രകാരം ഉത്തരവും നൽകിയിരുന്നു. എന്നാൽ എസ്.പി.വിയായ കൈറ്റ് പ്രസ്തുത സ്കൂളുകളെ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കോഡിൽ ഡ്യൂപ്ലിക്കേഷൻ വന്നതിനാലും മറ്റും പ്രസ്തുത സ്കൂളുകളിലെ 5 സ്കൂളുകൾക്ക് പകരം 7 സ്കൂളുകളെ പുതുതായി ഉൾപ്പെടുത്തി ആകെ 446 സ്കൂളുകളുടെ പട്ടിക നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയവയെ ഉൾപ്പെടുത്തി പരാമർശം (6) പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചു.

2) 24/07/2019-ന് ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ബഹു വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ആയതിന്റെ യോഗ തീരുമാന പ്രകാരം 2018-19ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (KILA) ഏൽപ്പിക്കാൻ തത്വത്തിൽ തീരുമാനമാവുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ SPV യായി കിലയെ ചുമതലപ്പെടുത്തി ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ട് കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരമുള്ള ഉത്തരവിലെ സംസ്ഥാനത്തെ 500 മുതൽ 1000 വരെ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി നിർവഹണത്തിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കൈറ്റിനെ മാറ്റിക്കൊണ്ടും, പദ്ധതി നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (SPV) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (KILA) നിയമിച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തികൾ സർബന്ധിതമായി പൂർത്തിയാക്കേണ്ടതാണെന്ന വ്യവസ്ഥയോടും കൂടി ഉത്തരവാകുന്നു.

1.ഓരോ സ്കൂളിനും പ്രത്യേകം ലൊക്കേഷൻ പ്ലാനുകളും പദ്ധതി പ്രദേശത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് ആകൃതിയിലും നിരപ്പിലുമുള്ള വ്യത്യാസവും മറ്റും വ്യക്തമാക്കുന്ന പദ്ധതി രൂപരേഖകളും തയ്യാറാക്കേണ്ടതാണ്.

2)സ്കൂൾ ഹെഡ് മാസ്റ്റർ, സ്കൂളിനടുത്തു തന്നെ താമസിക്കുന്ന പ്രസ്തുത സ്കൂളിലെ ഒരു സ്റ്റാഫ് അംഗം, സ്കൂളിന്റെ ചുമതലയുള്ള അസിസ്റ്റൻറ് എഞ്ചിനീയർ, സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജനപ്രതിനിധി, പി ടി എ പ്രതിനിധി എന്നിവരുമായി കൂടിയാലോചിച്ച് സ്കൂളിന്റെ പരിപാലനത്തിനാവശ്യമായ കാര്യങ്ങളുടെ മുൻഗണനാ ക്രമത്തിലുള്ള പട്ടിക തയ്യാറാക്കേണ്ടതാണ്.

3)പുതിയതായി ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങളും അവയുടെ സാധൂകരണവും അടങ്ങുന്ന ഒരു പട്ടികയും തയ്യാറാക്കേണ്ടതാണ്.

4)ഇതിനോടകം തന്നെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകൾ പരാമർശം (6) ഉത്തരവ് പ്രകാരം നൽകിയ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5)മോശാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കേണ്ടതുണ്ടെങ്കിൽ കെട്ടിടത്തിന്റെ തൽസ്ഥിതിവ്യക്തമാക്കിക്കൊണ്ടുള്ള വിശദാംശങ്ങളും സാധുവായ സാക്ഷ്യപത്രവും ഉണ്ടായിരിക്കേണ്ടതാണ്.

6)പദ്ധതി പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിന്റെയും മാസ്റ്റർ പ്ലാൻ അതാത് സ്കൂളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അക്കൗണ്ടൻറ് ജനറൽ ( ആഡിറ്റ് / എ& ഇ) കേരള, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ് പി.ഒ., തൃശ്ശൂർ
വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
ഐ&പിആർഡി (വെബ്& ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Namitha P
സെക്ഷൻ ഓഫീസർ

പകർപ്പ് – ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് പി.എ യ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറി പി.എ യ്ക്ക്